**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 70** **23-01-2025 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ ഇൻലാൻഡ് നാവിഗേഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (എ) | **നാദാപുരം മണ്ഡലത്തിൽ നടത്തി വരുന്ന പ്രവൃത്തികൾ:**<br><br>1. വടകര മാഹി കനാൽ ചെയിനേജ് 464.210 മുതൽ 464.670 കി.മീ. വരെ അഞ്ചാം റീച്ച് കനാൽ വികസനം - 80 % പൂർത്തിയായി.<br><br>2. കരിങ്ങാലിമുക്ക് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണം - പ്രവൃത്തിയുടെ ഭാഗമായ പാലത്തിന്റെ നിർമ്മാണം പൂർത്തിയായി. നാവിഗേഷൻ ലോക്ക് സിവിൽ വർക്കുകൾ 60% പൂർത്തീകരിച്ചു. മെക്കാനിക്കൽ വർക്കുകൾ മെക്കാനിക്കൽ വിഭാഗം മുഖേന പുരോഗമിക്കുന്നു.<br><br>3. കേളോത്ത് കണ്ടി ഫൂട്ട് ബ്രിഡ്ജ് നിർമ്മാണം - 100 % പൂർത്തിയായി<br><br>4. കറുവയൽ ഫൂട്ട് ബ്രിഡ്ജ് നിർമ്മാണം-100% പൂർത്തിയായി. |
| (ബി) | എടച്ചേരി പഞ്ചായത്തിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് ഭരണാനുമതി നൽകിയ ബോട്ട് ജെട്ടിയുടെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ? | (ബി) | എടച്ചേരി പഞ്ചായത്തിൽ കച്ചേരി എന്ന സ്ഥലത്ത് അനുമതി നൽകിയ ബോട്ട് ജെട്ടി നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഫെബ്രുവരി 15 നകം ആരംഭിക്കാനാകും. |

സെക്ഷൻ ഓഫീസർ